പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3518 | 21/12/2012-ൽ മറുപടിയ്ക്ക് |
|---|---|
| കോഴിക്കോട് ജില്ലയിലെ അംഗൻവാടികളിലെ ജീവനക്കാർ | |
| ചോദ്യം | ഉത്തരം |
| ശ്രീ. പുരുഷൻ കടലുണ്ടി | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കോഴിക്കോട് ജില്ലയിൽ, അംഗൻവാടികളിൽ താൽക്കാലിക വർക്കർമാരായി പ്രവർത്തിച്ചിരുന്ന എത്ര പേർക്ക് സ്ഥിര നിയമനം അനുവദിച്ചിട്ടുണ്ട് ; | (എ) താൽക്കാലിക വർക്കർമാരായി പ്രവർത്തിച്ചിരുന്ന 106 പേർക്ക് സ്ഥിരനിയമനം നൽകിയിട്ടുണ്ട്. |
| (ബി) ഇതേ കാലയളവിൽ, പത്താം ക്ലാസ്സ് യോഗ്യത നേടിയ എത്ര ഹെൽപ്പർമാർക്ക് വർക്കർമാരായി സ്ഥാനക്കയറ്റം അനുവദിച്ചിട്ടുണ്ട് ; | (ബി) 43 ഹെൽപ്പർമാർക്ക് വർക്കർമാരായി സ്ഥാനക്കയറ്റം അനുവദിച്ചിട്ടുണ്ട്. |
| (സി) അംഗൻവാടി വർക്കർമാരായി സ്ഥിര നിയമനം നൽകുന്നതിന് താൽക്കാലിക വർക്കർമാർ പത്താം ക്ലാസ്സ് യോഗ്യത നേടിയ ഹെൽപ്പർമാർ എന്നിവർക്ക് ഏതെങ്കിലും ആനുപാതിക ക്രമം പാലിക്കപ്പെടണമെന്ന നിശ്ചയിക്കപ്പെട്ടിട്ടുണ്ടോ ; | (സി) കുറഞ്ഞത് 10 വർഷം സർവ്വീസും, എസ്.എസ്.എൽ.സി വിദ്യാഭ്യാസയോഗ്യതയുമുള്ള അംഗൻവാടി ഹെൽപ്പർമാരെ വർക്കർ തസ്തികയിൽ നിയമിക്കുന്നതിനായി അംഗൻവാടി വർക്കർ തസ്തികയിൽ വരുന്ന ഒഴിവിൽ 25% സംവരണം ചെയ്ത് 06/01/2007-ലെ സ.ഉ (എം.എസ്)നം.2/2007 സാക്ഷേവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇപ്രകാരം സംവരണം ചെയ്ത 25% വർക്കർ ക്വാട്ടയിൽ നിയമനം നൽകുന്നതിന് ഉയർന്ന പ്രായപരിധി ഒഴിവാക്കി 11/10/2010-ലെ സ.ഉ(എം.എസ്)നം.80/2010/സാക്ഷേവ പ്രകാരവും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ഡി) ബാലുശ്ശേരി ഐ.സി.ഡി .എസ് പ്രോജക്ടിൽ അംഗനവാടി വർക്കർമാരായി സ്ഥിര നിയമനം ലഭിക്കാൻ അർഹതയു- ള്ളവരുടെ മുൻഗണനാ ലിസ്റ്റ് ലഭ്യമാക്കുമോ ? | (ഡി) ബാലുശ്ശേരി ഐ.സി.ഡി.എസ് പ്രൊജക്ടിൽ അംഗൻവാടി വർക്കർമാരായി സ്ഥാനക്കയറ്റം ലഭിക്കാൻ അർഹതയുള്ളവരുടെ മുൻഗണനാലിസ്റ്റ് ചുവടെ ചേർക്കുന്നു.<br>**<u>ബാലുശ്ശേരി പഞ്ചായത്ത്</u>**<br>ശ്രീമതി.നിഷ.എം<br>**<u>പനങ്ങാട് പഞ്ചായത്ത്</u>**<br>1. ശ്രീമതി.സുചി.കെ.എം<br>2. ശ്രീമതി.ഉഷ.കെ.വി<br>3. ശ്രീമതി.ലിസ.കെ.എം<br>4. ശ്രീമതി.ജയശ്രീ.എം<br>5. ശ്രീമതി.ഗീത.കെ<br>6. ശ്രീമതി.സഫിയ.എം.വി |

| | |
|---|---|
| | 7. ശ്രീമതി.അജിത.പി<br>8. ശ്രീമതി.ബീന.ഇ<br><u>ഉണ്ണിക്കുളം പഞ്ചായത്ത്</u><br>1. ശ്രീമതി. ഷീബ.കെ.കെ.<br>2. ശ്രീമതി.റീന.പി.കെ<br>3. ശ്രീമതി.ബിന്ദു.പി.കെ<br>4. ശ്രീമതി.മിനി.ടി.കെ<br>5. ശ്രീമതി.ഗിരിജമ്മ<br>6. ശ്രീമതി.രാജലക്ഷ്മി<br>7. ശ്രീമതി.സതി.കെ<br>8. ശ്രീമതി.റംല.പി |

സെക്ഷൻ ഓഫീസർ